ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 17-06-2026** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1) ആഗോള സംഘർഷങ്ങൾക്കിടയിലും, സമുദ്ര ഗതാഗതവും, നാവികരുടെ സുരക്ഷയും ഉറപ്പുവരുത്താൻ രാജ്യങ്ങൾ ശ്രമിക്കണമെന്ന് ജി-7 ഉച്ചകോടിയിൽ പ്രധാനമന്ത്രി നരേന്ദ്രമോദി.യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപുമായി പ്രധാനമന്ത്രി ഇന്ന് കൂടിക്കാഴ്ച നടത്തും.

**Prime Minister Narendra Modi calls on all nations to ensure security of global maritime routes and protect seafarers from conflict-related threats. The Prime Minister will meet U.S. President Donald Trump today.**

2) പിഎം ശ്രീ പദ്ധതിയിൽ തുടരാൻ സംസ്ഥാന സർക്കാർ നിർബന്ധിതമാണെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ. പദ്ധതിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിശോധിക്കാൻ മന്ത്രിസഭ ഉപസമിതിയെ നിയോഗിച്ചതായും മുഖ്യമന്ത്രി.

**Chief Minister V. D. Satheesan said that the State Government is obliged to continue under the PM SHRI scheme. He also stated that the Cabinet has constituted a sub-committee to examine matters related to the scheme.**

3) നീറ്റ് പരീക്ഷയുമായി ബന്ധപ്പെട്ട വ്യാജ പ്രചാരണങ്ങൾക്ക് എതിരെ ജാഗ്രത പാലിക്കണമെന്ന് മുന്നറിയിപ്പ് നൽകി നാഷണൽ ടെസ്റ്റിംഗ് ഏജൻസി.

**National Testing Agency warns candidates against fake NEET re-exam paper leak claims.**

4) ഇന്ത്യയുടെ വാർഷിക പ്രതിരോധ ഉൽപ്പാദനം 2025-26 കാലയളവിൽ 15 ശതമാനത്തിലേറെ വളർച്ച കൈവരിച്ചതായി രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ്.

**Defence Minister Rajnath Singh said that India's annual defence production recorded a growth of more than 15 per cent during the 2025–26 period.**

5) പശ്ചിമേഷ്യൻ സമാധാന കരാറിൽ ധാരണയായതിന് പിന്നാലെ, അന്താരാഷ്ട്ര വിപണിയിൽ ക്രൂഡ് ഓയിൽ വിലയിൽ വൻ ഇടിവ്.

**Following an agreement on a peace deal in West Asia, crude oil prices witnessed a sharp decline in the international market.**

6) ലയണൽ മെസ്സിയുടെ ഹാട്രിക്കിലൂടെ ഫിഫ ലോകകപ്പിൽ ഉജ്വല തുടക്കവുമായി അർജന്റീന. പോർച്ചുഗൽ- കോംഗോ പോരാട്ടം ഇന്ന് രാത്രി 10.30 ന്.

**Argentina got off to a brilliant start in the FIFA World Cup with a hat-trick from Lionel Messi. The Portugal–Congo match will be played tonight at 10:30 PM**

**&&&&&&&&&&&&&&&&&**

## HEADLINE-1

**PM G-7**

ആഗോള സംഘർഷങ്ങൾക്കിടയിലും, സമുദ്ര ഗതാഗതവും, നാവികരുടെ സുരക്ഷയും ഉറപ്പുവരുത്താൻ രാജ്യങ്ങൾ ശ്രമിക്കണമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. പശ്ചിമേഷ്യൻ സംഘർഷം ആഗോള വാണിജ്യത്തെ തടസ്സപ്പെടുത്തിയതായും ഫ്രാൻസിൽ ജി 7 ഉച്ചകോടിയുടെ ഭാഗമായി നടന്ന ഔട്ട്റീച്ച് സെഷനിൽ അദ്ദേഹം വ്യക്തമാക്കി. രാജ്യങ്ങൾക്കിടയിലെ പങ്കാളിത്തത്തിൽ, ഐക്യദാർഢ്യത്തിനും,തുല്യതയ്ക്കും പ്രാധാന്യമുണ്ടെന്നും അന്താരാഷ്ട്ര നിയമങ്ങൾ ബഹുമാനിക്കപ്പെടേണ്ടതാണെന്നും ശ്രീ മോദി പറഞ്ഞു. സുസ്ഥിര സാമ്പത്തിക വളർച്ച, നിർമിതബുദ്ധി എന്നിവയെക്കുറിച്ചുള്ള ജി-7 സെഷനുകളിൽ പ്രധാനമന്ത്രി ഇന്ന് പങ്കെടുക്കും. ഇന്ത്യ ഉൾപ്പെടെയുള്ള രാജ്യങ്ങളുമായി ചേർന്ന് ആഗോളതലത്തിൽ ആരോഗ്യ–വികസന രംഗത്ത് സഹകരണം ശക്തമാക്കുന്നതിനുള്ള സുപ്രധാന പദ്ധതികൾ ജി-7 രാഷ്ട്രങ്ങൾ ഉച്ചകോടിയിൽ പ്രഖ്യാപിച്ചു. കോംഗോയിലും ഉഗാണ്ടയിലും പടരുന്ന എബോള വൈറസിനെതിരെ അന്താരാഷ്ട്ര തലത്തിൽ ഏകോപിത പ്രതിരോധത്തിനും ഉച്ചകോടി ആഹ്വാനം ചെയ്തു. ആഗോളതലത്തിൽ അർബുദത്തിനെതിരെയുള്ള പോരാട്ടം വേഗത്തിലാക്കാനുള്ള പ്രതിജ്ഞാബദ്ധതയും ജി–7 ആവർത്തിച്ചു.

&&&&&&&&&&&&&&&

**PM TRUMP MEETING**

ജി-7 ഉച്ചകോടിയുടെ പശ്ചാത്തലത്തിൽ, പ്രധാനമന്ത്രി നരേന്ദ്ര മോദിയും യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപും തമ്മിലുള്ള ഉഭയകക്ഷി കൂടിക്കാഴ്ച ഇന്ന് നടക്കും. 2025 ഫെബ്രുവരിയിൽ വാഷിംഗ്ടൺ ഡിസിയിൽ നടന്ന കൂടിക്കാഴ്ചയ്ക്ക് ശേഷം ഇരു നേതാക്കളും നേരിട്ട് ചർച്ച നടത്തുന്നത് ഇതാദ്യമായാണ്. ഉഭയകക്ഷി സഹകരണം ശക്തമാക്കുന്നതിനെക്കുറിച്ചും, പ്രാദേശികവും അന്തർദ്ദേശീയവുമായ സമകാലിക വിഷയങ്ങളെക്കുറിച്ചും ഇരുവരും ചർച്ചചെയ്യും. ജർമ്മൻ ചാൻസലറുമായും യൂറോപ്യൻ യൂണിയൻ നേതാക്കളുമായും പ്രധാനമന്ത്രി കൂടിക്കാഴ്ച നടത്തും. ഇന്നലെ യു.കെ, കാനഡ, യുഎഇ ഭരണത്തലവന്മാരുമായി ശ്രീ മോദി ഉഭയകകക്ഷി തലത്തിൽ ചർച്ച നടത്തിയിരുന്നു.

&&&&&&&&&&&&&&&&&

## HEADLINE-2

**CM –PMSREE (INTRO)**

*പിഎം ശ്രീ പദ്ധതിയിൽ പദ്ധതിയിൽ തുടരാൻ സംസ്ഥാന സർക്കാർ നിർബന്ധിതമാണെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ . കഴിഞ്ഞ സർക്കാർ പദ്ധതിയിൽ ഒപ്പുവച്ച് പണം വാങ്ങിയതാണെന്നും, സംസ്ഥാന സർക്കാർ പിഎം ശ്രീയിൽ പങ്കാളിയാണെന്നും മന്ത്രിസഭ യോഗത്തിന് ശേഷമുള്ള വാർത്താസമ്മേളനത്തിൽ മുഖ്യമന്ത്രി പറഞ്ഞു. . കരിക്കുലം നിശ്ചയിക്കാനും സ്കൂളുകൾ തെരഞ്ഞെടുക്കാനുമുള്ള അവകാശം സംസ്ഥാന സർക്കാരിനായിരിക്കും. ഇക്കാര്യം കേന്ദ്രസർക്കാരിനെ അറിയിക്കുന്ന കാര്യം പരിശോധിക്കാനും റിപ്പോർട്ട് സമർപ്പിക്കാനും മന്ത്രിസഭാ ഉപസമിതിയെ ചുമതലപ്പെടുത്തിയെന്നും മുഖ്യമന്ത്രി അറിയിച്ചു.*

*(വോയ്സ്...)*

&&&&&&&&&&&&&&&&&

## HEADLINE-3

**NEET (INTRO)**

*നീറ്റ് പരീക്ഷയുമായി ബന്ധപ്പെട്ട വ്യാജ പ്രചാരണങ്ങൾക്ക് എതിരെ ജാഗ്രത പാലിക്കണമെന്ന് നാഷണൽ ടെസ്റ്റിംഗ് ഏജൻസി. പുനഃപരീക്ഷയുടെ ചോദ്യപേപ്പർ ചോർന്നു എന്ന തരത്തിൽ ടെലിഗ്രാമിൽ ചില ചാനലുകൾ സജീവമാണെന്നും 14,000 രൂപ മുതൽ 25,000 രൂപ വരെയാണ് ഇതിനായി ആവശ്യപ്പെടുന്നതെന്നും എൻ.ടി.എ അറിയിച്ചു. ചോദ്യപേപ്പർ ചോർന്നിട്ടില്ലെന്നും ഇത്തരം പ്രചാരണങ്ങൾ പൂർണ്ണമായും വ്യാജമാണെന്നും എൻ.ടി.എ വ്യക്തമാക്കി. 21 നു നടക്കുന്ന നീറ്റ് പുനഃപരീക്ഷയ്ക്ക് സായുധ സേനയുടെ കൂടി സഹായത്തോടെ പഴുതടച്ച സുരക്ഷാ ക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് എൻ.ടി.എ ഡയറക്ടർ ജനറൽ അഭിഷേക് സിംഗ് പറഞ്ഞു*

*(ഹോൾഡ്)*

&&&&&&&&&&&&&&&

**HEADLINE-4**

**RAJNATH-DEFENCE PRODUCTION**

2025-26 സാമ്പത്തിക വർഷത്തിൽ ഇന്ത്യയുടെ വാർഷിക പ്രതിരോധ ഉൽപ്പാദനം 1.78 ലക്ഷം കോടി രൂപയിലെത്തിയതായി രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ്. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ഇത് 1.54 ലക്ഷം കോടി രൂപയായിരുന്നു. 15.6 ശതമാനം വളർച്ചയാണ് രേഖപ്പെടുത്തിയിരിക്കുന്നതെന്നും ശ്രീ രാജ്നാഥ് സിംഗ് സമൂഹമാധ്യമത്തിൽ കുറിച്ചു. 2020-21 കാലയളവിനേക്കാൾ 110 ശതമാനം വർദ്ധനയാണിത്. പ്രതിരോധ രംഗത്തെ ഇന്ത്യയുടെ വ്യാവസായിക അടിത്തറ വ്യക്തമാക്കുന്നതാണ് ഈ വളർച്ചയെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

&&&&&&&&&&&&&&&

**SHIVRAJ - BHUPENDER - CROP**

വൈക്കോൽ അവശിഷ്ടങ്ങൾ കത്തിക്കുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് സുസ്ഥിര പരിഹാരം കണ്ടെത്തുന്നതിനായി കേന്ദ്രമന്ത്രിമാരായ ശിവരാജ് സിംഗ് ചൗഹാൻ, ഭൂപേന്ദർ യാദവ് എന്നിവരുടെ നേതൃത്വത്തിൽ ന്യൂഡൽഹിയിൽ ഉന്നതതല യോഗം ചേർന്നു. വൈക്കോലിൻറെ വ്യാവസായിക ഉപയോഗം പ്രോത്സാഹിപ്പിച്ചും പൊതുജന അവബോധം സൃഷ്ടിച്ചും കാർഷിക അവശിഷ്ടങ്ങൾ കത്തിക്കുന്ന രീതി അവസാനിപ്പിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമെന്ന് മന്ത്രിമാർ വ്യക്തമാക്കി.

ഡൽഹിയിലെ 70 താലൂക്കുകളിൽ ഇത് സംബന്ധിച്ച നിരീക്ഷണം സജീവമാണെന്നും ശ്രീ ചൗഹാൻ യോഗത്തിൽ പറഞ്ഞു. 2026-27 വർഷത്തിൽ വിള അവശിഷ്ട മാനേജ്മെന്റ് പദ്ധതിക്ക് കീഴിൽ 544 കോടിയിലധികം രൂപ വകയിരുത്തിയിട്ടുണ്ടെന്നും അതിൽ 272 കോടിയിലധികം രൂപ ഇതിനകം തന്നെ വിതരണം ചെയ്തതായും അദ്ദേഹം അറിയിച്ചു.

&&&&&&&&&&&&&&&

**ബ്രേക്ക്**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്......

(ബ്രേക്ക്)

**&&&&&&&&&&&&&&&**

**HEADLINE-5**

**OIL PRICES FALL**

അന്താരാഷ്ട്ര വിപണിയിൽ ക്രൂഡ് ഓയിൽ വിലയിൽ വൻ ഇടിവ്. ബ്രെന്റ് ക്രൂഡ് വില 5.4 ശതമാനം താഴ്ന്ന് 78 ഡോളറിലെത്തി. മാർച്ച് മാസത്തിന് ശേഷം ആദ്യമായാണ് ബാരലിന് വില 80 ഡോളറിൽ താഴെ എത്തുന്നത്. യുഎസ്-ഇറാൻ സമാധാനകരാറിൽ ധാരണയായതിനും, ഹോർമുസ് കടലിടുക്ക് തുറക്കുമെന്ന പ്രഖ്യാപനം വന്നതിനും പിന്നാലെയാണ് എണ്ണവില താഴാൻ തുടങ്ങിയത്. പശ്ചിമേഷ്യൻ സംഘർഷത്തെ തുടർന്ന് എണ്ണ വില 120 ഡോളർ വരെ എത്തിയിരുന്നു.

**&&&&&&&&&&&&&&&**

**GOVT – 12 YEARS – HERITAGE**

സാംസ്കാരിക പൈതൃക സംരക്ഷണത്തിൽ ഇന്ത്യയുടെ സുവർണ്ണകാലമായിരുന്നു കഴിഞ്ഞ 12 വർഷങ്ങൾ. രാജ്യത്തിന്റെ സാംസ്കാരികവും നാഗരികവുമായ പൈതൃകം വീണ്ടെടുക്കുന്നതിന് നിരവധി ചരിത്രപരമായ പദ്ധതികളാണ് കേന്ദ്ര സർക്കാർ ഇക്കാലയളവിൽ നടപ്പിലാക്കിയത്. അയോധ്യയിലെ ശ്രീരാമ ക്ഷേത്രം, പരമ്പരാഗത ശൈലിയിൽ നിർമ്മിച്ചത് ഇന്ത്യയുടെ വാസ്തുവിദ്യാ മികവിൻറെ പ്രതീകമായി മാറി. മധ്യപ്രദേശിലെ ഉജ്ജയിനിൽ 850 കോടിയോളം രൂപ ചിലവഴിച്ച് ഒന്നാം ഘട്ടം പൂർത്തിയായ മഹാകാൽ ലോക് ഇടനാഴി അത്യാധുനിക സാങ്കേതികവിദ്യയുടെയും നിർമ്മിത ബുദ്ധിയുടെയും സമന്വയമാണ്. 2021 ൽ ഉദ്ഘാടനം ചെയ്ത കാശി വിശ്വനാഥ് കോറിഡോർ ചരിത്രപ്രസിദ്ധമായ കാശി വിശ്വനാഥ ക്ഷേത്രത്തെ ഗംഗാ നദിയുമായി നേരിട്ട് ബന്ധിപ്പിക്കുന്നു. വാരാണസിയിൽ മാത്രം 48,000 കോടിയിലധികം രൂപയുടെ 580 വികസന പദ്ധതികൾക്കാണ് ഇക്കാലയളവിൽ തുടക്കമിട്ടത്.

**&&&&&&&&&&&&&&&**

**NCB-BRICS MEETING**

ഇന്ത്യയുടെ ബ്രിക്സ് അധ്യക്ഷതയിൽ, എട്ടാമത് ബ്രിക്സ് ലഹരി വിരുദ്ധ കർമ്മ സമിതി വെർച്വൽ യോഗം ചേർന്നു. ഇന്ത്യ, ചൈന, എത്യോപ്യ, ഇന്തോനേഷ്യ, റഷ്യ, ദക്ഷിണാഫ്രിക്ക, യുഎഇ രാജ്യങ്ങളിലെ പ്രതിനിധികൾ യോഗത്തിൽ പങ്കെടുത്തതായി നാർക്കോട്ടിക് കൺട്രോൾ ബ്യൂറോ അറിയിച്ചു. മയക്കുമരുന്ന് വെല്ലുവിളികൾ സംബന്ധിച്ച നിലവിലെ സാഹചര്യങ്ങളടങ്ങിയ റിപ്പോർട്ടുകൾ പ്രതിനിധികൾ യോഗത്തിൽ കൈമാറി.

&&&&&&&&&&&&&&&

**HEADLINE-6**

**FIFA (INTRO)**

***ലോകത്തെ ഫുട്ബോൾ ഇതിഹാസങ്ങൾ മാറ്റ് അറിയിച്ച ദിനമായിരുന്നു ഇന്നത്തെ ഫിഫ ലോകകപ്പ് മത്സരങ്ങൾ . അർജന്റീനിയൻ ഇതിഹാസം മെസ്സിക്കൊപ്പം ഫ്രഞ്ച് താരം എംപാപ്പയും നോർവീജിയൻ താരം എർലിങ് ഹാലൻഡും മിന്നും പ്രകടനമാണ് കാഴ്ചവച്ചത് . ലയണൽ മെസ്സിയുടെ ഹാട്രിക്കിലൂടെ ലോകകപ്പിൽ അർജ്ജൻറീനയുടെ ഉജ്വല തുടക്കത്തിനാണ് ലോകം സാക്ഷ്യം വഹിച്ചത്.***

***വിശദാംശങ്ങളുമായി ആകാശവാണി പ്രതിനിധി സുരേഷ് ബാബു ........***

***(വോയിസ്)***

***ഗ്രൂപ്പ് ജെയിൽ ഓസ്ട്രിയ, ജോർദാനെ ഒന്നിനെതിരെ മൂന്ന് ഗോളുകൾക്ക് പരാജയപ്പെടുത്തി. ഫിഫ ലോകകപ്പിൽ ഇന്ന് രാത്രി 10.30 ന് പോർച്ചുഗൽ, കോംഗോയെ നേരിടും. രാത്രി 1.30 നാണ് ഇംഗ്ലണ്ട്-ക്രൊയേഷ്യ മത്സരം.***

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&